# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 661**      **28.02. 2017 ൽ മറുപടിക്ക്**

### വൈദ്യുതി ചാർജ്ജിനത്തിലുള്ള കടിശ്ശിക

**ചോദ്യം**

ശ്രീ.അടൂർ പ്രകാശ്

**ഉത്തരം**

ശ്രീ.എം.എം.മണി.

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.യ്ക്ക് 2016 ഡിസംബർ 31 വരെ വൈദ്യുതി ചാർജ്ജ് കടിശ്ശികയിനത്തിൽ എന്ത് തുക പിരിഞ്ഞു കിട്ടുവാനുണ്ട്; | (എ) 31.12.2016 – ൽ അവസാനിക്കുന്ന ത്രൈമാസ കണക്ക പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് കടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള കടിശ്ശിക പലിശ ഒഴികെ 2044.78 കോടി രൂപയാണ്. |
| (ബി) ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും കടിശ്ശികയായി പിരിഞ്ഞുകിട്ടുവാനുള്ള തുകയെത്ര ആണ്; | (ബി) പൊതുമേഖലാ (സഹകരണ സ്ഥാപനങ്ങൾ ഉൾപ്പെടെ) സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടുവാനുള്ള കടിശ്ശിക പലിശ ഒഴികെ 1177.13 കോടി രൂപയാണ്. |
| (സി) കേന്ദ്രസർക്കാർ സ്ഥാപനങ്ങളും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും എന്ത് തുക കടിശ്ശികയിനത്തിൽ നൽകുവാനുണ്ട്; | (സി) കേന്ദ്ര സർക്കാർ/കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പലിശ ഒഴികെ 42.26 കോടി രൂപയാണ് കടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ളത്. |
| (ഡി) കടിശ്ശിക തുക ഈടാക്കുവാനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;<br>(ഇ) ജനറേറ്റർ സംവിധാനമടക്കം സൗകര്യമുള്ള സ്വകാര്യ സ്ഥാപനങ്ങൾ കടിശ്ശിക വരുത്തിയ വൈദ്യുതി തുക ഈടാക്കുവാൻ കർശന നടപടി സ്വീകരിക്കുമോ? | (ഡി), (ഇ) സപ്ലൈ കോഡ് 2014 – ൽ പരാമർശിച്ചിട്ടുള്ള സമയ [illegible] അനുസരിച്ച് കടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽ നിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. ദീർഘകാല കടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി ആവിഷ്കരിച്ചിട്ടുണ്ട്. കേരള പോലീസ്, കേരള വാട്ടർ അതോറിറ്റി, സർക്കാർ ആശുപത്രികൾ, കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നവ എന്നിവ ഒഴിച്ചുള്ള വൈദ്യുത കണക്ഷനുകളാണ് സാധാരണ ഗതിയിൽ വിച്ഛേദിക്കാറുള്ളത്. ഇത്തരം ഉപഭോക്താക്കൾക്ക് കടിശ്ശിക വിവരങ്ങൾ വ്യക്തമാക്കുന്ന നോട്ടീസ് നൽകുകയും ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി ഉപയുക്തമാക്കാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ